**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1512** **11-09-2023 - ൽ മറുപടിയ്ക്ക്**

**ശമ്പള കുടിശ്ശിക വിതരണം ചെയ്യണമെന്ന ഹൈക്കോടതി വിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ശമ്പള കുടിശ്ശിക താമസംവിനാ വിതരണം ചെയ്യണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ശമ്പള കുടിശ്ശിക താമസംവിനാ വിതരണം ചെയ്യണമെന്ന ഹൈക്കോടതിയുടെ വിധികൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനം അഭിമുഖീകരിക്കേണ്ടി വരുന്ന സാമ്പത്തിക പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത് ടി വിധികളിന്മേൽ ബഹു ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു വരുകയാണ്. കൂടാതെ അപ്പീലും തള്ളുന്ന കേസുകളിൽ ബഹു സുപ്രീം കോടതി മുമ്പാകെ ധനകാര്യ വകുപ്പ് സ്പെഷ്യൽ ലീവ് പെറ്റീഷനുകളും ഫയൽ ചെയ്തു വരുകയാണ്. ചില കേസുകളിൽ കുടിശ്ശിക തുക പണമായി അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിധി നടപ്പാക്കുന്നതിനെതിരെ സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോയെന്നും ഏത് സാഹചര്യത്തിലാണ് സമീപിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. കേരളത്തിൽ 7000ത്തോളം വരുന്ന എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ കാലാകാലങ്ങളായി സ്കൂൾ മാനേജർമാർ നടത്തുകയും ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ തുടങ്ങിയ ചെലവുകൾ Direct Payment System വഴി സംസ്ഥാന സർക്കാർ വഹിക്കുന്നതു വഴി സർക്കാർ ഖജനാവിന് കനത്ത സാമ്പത്തിക ബാധ്യതയാണ് ഉണ്ടാകുന്നത്. ഇത്തരം മേഖലയിൽ നടത്തുന്ന നിയമനങ്ങൾ പിന്നീട് മുൻകാല പ്രാബല്യത്തോടെ ചട്ടങ്ങളിൽ ഇളവ് വരുത്തി വിവിധ ഉത്തരവുകൾ പ്രകാരം അംഗീകരിക്കപ്പെടുമ്പോൾ പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കപ്പെട്ട തീയ്യതി മുതൽ ടി നിയമനംഅംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് തീയ്യതി വരെയുള്ള ശമ്പളകുടിശ്ശിക ഒറ്റയടിക്ക് അനുവദിക്കുന്നത് സംസ്ഥാന ഖജനാവിൽ ഇടയ്ക്കിടയിക്ക് അപ്രതീക്ഷിത ബാധ്യത/ cash flow ഉണ്ടാകുവാനും സംസ്ഥാനത്തിന്റെ ways and means സ്ഥിതിയെ പ്രതികൂലമായി ബാധിക്കുവാനും സാധ്യതയുള്ളതിനാലാണ് പ്രസ്തുത വിധി നടപ്പിലാക്കുന്നതിനെതിരെ ധനകാര്യവകുപ്പ് സുപ്രീംകോടതിയെ സമീപിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | മേൽപ്പറഞ്ഞ വിധിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായിവരുന്ന തുകയുടെ വിശദാംശം നൽകാമോ? | (സി) | ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഏകദേശം 207,28,23,937 രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് തടഞ്ഞു വെച്ചിട്ടുള്ള നിയമനങ്ങൾക്ക് മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകുമ്പോൾ പ്രതീക്ഷിത ചെലവിൽ ഗണ്യമായ വർദ്ധന ഉണ്ടാകും. |

സെക്ഷൻ ഓഫീസർ